# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

**തിരുവിതാം**കൂർ ദേവസ്വം ബോർഡിലെ ആശ്രിതനിയമന വ്യവസ്ഥകൾ പ്രകാരം **ക്ലാർക്ക്** / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, പ്യൂൺ എന്നീ തസ്തികകളിൽ **നിയമ**നത്തിനായി തയ്യാറാക്കിയിരുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ഉദ്യോഗാർത്ഥികൾക്ക് **നൽകി**യിരുന്ന താത്കാലിക നിയമനം - 10% ക്വാട്ടയിൽ അധികരിച്ച് നിലവിൽ **സർവ്വീസ് ക്രമീ**കരിക്കാതെ താത്കാലികമായി തുടരുന്നവരെ താത്ക്കാലിക സർവ്വീസിൽ **നിന്നും നീക്കം** ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആർ.ഒ.സി.1310/86/എസ്റ്റ-എ** **തീയതി: 03/11/2023**

**പരാമർശം:-** 1. 26/10/2017-ലെ ആർ.ഒ.സി.9415/12/എസ്റ്റ-4.നമ്പർ ബോർഡ് ഉത്തരവ്.

2. 21/11/2017-ലെ ആർ.ഒ.സി.1310/86/എസ്റ്റ-എ നമ്പർ ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.
3. 07/02/2018, 05/04/2018, 06/04/2018 തീയതികളിലെ ആർ.ഒ.സി.9415/12/എസ്റ്റ-4, 17/07/2018-ലെ ആർ.ഒ.സി.10371/17/എസ്റ്റ-4,04/10/2018-ലെ ആർ.ഒ.സി.5938/18/ എസ്റ്റ-4 നമ്പർ ബോർഡ് ഉത്തരവുകൾ.
4. 23/04/2018, 25/07/2018, 16/10/2018 തീയതികളിലെ ആർ.ഒ.സി.2995/18/എസ്റ്റ-ബി നമ്പർ ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.
5. ഡി.ബി.പി നം.11/2021-ൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച 22/06/2023-ലെ ഉത്തരവ്.
6. ശ്രീ.രഞ്ജിത്ത്.കെ.എൽ മുതൽ 13 പേരുടെ 01/09/2023-ൽ ലഭിച്ച നിവേദനം.
7. WP (C).29493/2023-ൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച 18/09/2023-ലെ വിധിന്യായം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ 2017 കാലയളവിൽ പുതിയ നിയമനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ ആഫീസുകളിലും ദേവസ്വങ്ങളിലും ജീവനക്കാരുടെ ധാരാളം തസ്തികകൾ ഒഴിഞ്ഞ് കിടന്നിരുന്നു. ആഫീസുകളിലും ദേവസ്വങ്ങളിലും കാര്യക്ഷമമായും കൃത്യമായും ജോലികൾ നിർവ്വഹിക്കുവാൻ വളരെയേറെ ബുദ്ധിമുട്ട് ടി കാലയളവിൽ നേരിട്ടിരുന്നു. ജീവനക്കാരുടെ അഭാവം ക്ഷേത്രങ്ങളുടേയും സ്ഥാപനങ്ങളുടേയും ഭരണകാര്യങ്ങളേയും നിലനിൽപ്പിനേയും ബാധിക്കാനിടയുള്ളതായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം-1 ഉത്തരവ് പ്രകാരം ചുവടെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു.

1. ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നിയമനത്തിന് അർഹത നേടി ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗാർത്ഥികളെ ഒഴിവുകളുടെ ലഭ്യത തിട്ടപ്പെടുത്തി താത്ക്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് ജീവനക്കാരെ നിയമിക്കുന്ന രീതിയിൽ നിയമിക്കുക;
2. ഇപ്രകാരം താത്ക്കാലിക നിയമനം ലഭിക്കുന്നവർക്ക് ആശ്രിതനിയമന വ്യവസ്ഥ അനുസരിച്ചുള്ള ശതമാനം അനുസരിച്ച് മാത്രം സ്ഥിരംനിയമനം നൽകേണ്ടതാണ്;
3. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തിരം നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് താത്കാലിക നിയമനം ലഭിച്ചവരെ പിരിച്ച് വിടേണ്ടതാണ്;
4. താത്കാലിക നിയമനം ലഭിച്ചവർക്ക് സ്ഥിരം നിയമനം നേടുന്നവർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന മറ്റ് പ്രത്യേക അവകാശങ്ങൾ യാതൊന്നും തന്നെ ലഭിക്കുന്നതല്ല.

(മറുപുറം..)

5. താത്കാലിക നിയമനം നൽകുന്നതിലേയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

പരാമർശം 1, പരാമർശം 3 ബോർഡ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനത്തിന് അർഹത നേടി ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളെ ഒഴിവുകളുടെ ലഭ്യത തിട്ടപ്പെടുത്തി താത്കാലിക അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് ജീവനക്കാരെ നിയമിക്കുന്ന രീതിയിൽ നിയമനം നൽകിക്കൊണ്ട് പരാമർശം 2, പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം നിയമനം ലഭിച്ചവരിൽ 10% ഒഴിവുകളിൽപ്പെടുന്നവർക്ക് സ്ഥിരനിയമനം നൽകി ക്രമവത്ക്കരിച്ചിട്ടുണ്ടായിരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിതനിയമനത്തിനായി നിശ്ചയിക്കപ്പെട്ട ക്വാട്ട അധികരിച്ച് താത്ക്കാലികമായിട്ടാണെങ്കിലും നിയമനം നടന്നു എന്ന വസ്തുത ബഹു:ഹൈക്കോടതി സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം-5 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 22/06/2023-ന് ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 09/08/2023-നാണ് ഈ ആഫീസിൽ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവനുസരിച്ച് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനം നടത്തേണ്ടിയിരുന്ന 10% ക്വാട്ട ഒഴിവുകളെ അധികരിച്ച് നടത്തിയ താത്കാലിക നിയമനങ്ങൾ അസാധുവാണെന്നും അപ്രകാരം നിയമനം ലഭിച്ചവർക്ക് ശമ്പളം ഉൾപ്പെടെയുള്ള അവകാശങ്ങൾക്ക് അർഹത ഇല്ല എന്നും അതിനാൽ പരാമർശം-5 ഉത്തരവ് കർശനമായി പാലിച്ച്കൊണ്ട് നടപ്പാക്കേണ്ടതാണെന്നും ബഹു:ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിലെ തീരുമാനത്തിനെതിരെ മേൽ പ്രകാരം താൽക്കാലിക നിയമനം ലഭിച്ച ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ ജോലി നോക്കി വരുന്ന ഏതാനും ഉദ്യോഗാർത്ഥികൾ ബഹു:ഹൈക്കോടതിയിൽ WP (C).29493/2023 നമ്പരായി കേസ് ഫയൽ ചെയ്തു.

പ്രസ്തുത കേസ് തീർപ്പാക്കിക്കൊണ്ട് ബഹു:ഹൈക്കോടതി 18/09/2023-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ (പരാമർശം 7) ബഹു:ഹൈക്കോടതിയുടെ 22/06/2023-ലെ DBP.11/2021 നമ്പർ വിധിന്യായത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 6 ആഴ്ചയ്ക്കകം ടി വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പരാമർശം-7 ഉത്തരവ് 30/09/2023-ന് ഈ ആഫീസിൽ ലഭിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ, പരാമർശം-1, പരാമർശം-3 ബോർഡ് ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ച് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നിയമനത്തിന് അർഹത നേടിയിട്ടുള്ളവരുടെ ലിസ്റ്റിൽ നിന്നും താത്കാലിക നിയമനം ലഭിച്ചിട്ടുള്ളവരും എന്നാൽ സ്ഥിര നിയമനം നൽകി ക്രമീകരിച്ചിട്ടില്ലാത്തവരുമായ പ്യൂൺ, ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ ഉൾപ്പെടെയുള്ള തസ്തികകളിൽ താത്കാലിക ജോലി നോക്കുന്നവരുമായ എല്ലാ ഉദ്യോഗാർത്ഥികളേയും പ്രസ്തുത താത്കാലിക സേവനത്തിൽ നിന്നും അടിയന്തിരമായി നീക്കം ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം താത്ക്കാലിക സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്ന ജീവനക്കാരിൽ സ്ട്രോംഗ്റൂം ഉൾപ്പെടെയുള്ള ചാർജ്ജ് കൈമാറേണ്ടതുണ്ടെങ്കിൽ അവരുടെ ചാർജ്ജ് അനുയോജ്യരായവരെ ഏൽപ്പിക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തുന്നു.

ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ സ്വീകരിക്കേണ്ടതും അപ്രകാരം പരാമർശം-5-ലെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

...3

ഈ ഉത്തരവ് പ്രകാരം വിടുതൽ വാങ്ങുന്ന ഉദ്യോഗാർത്ഥികൾ ദേവസ്വം ബോർഡിൽ തുക കെട്ടിവച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച തീരുമാനം പിന്നീട് അറിയിക്കുന്നതാണ്.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
3. ശ്രീ.രഞ്ജിത്ത്.കെ.എൽ, സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, കഠിനംകുളം ദേവസ്വം, ഉള്ളൂർ ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
4. ശ്രീമതി.സബിത.കെ.എസ്, ആഡിറ്റർ, അസിസ്റ്റന്റ് ആഡിറ്റ് ആഫീസ്, വൈക്കം (അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ മുഖാന്തിരം)
5. ശ്രീ.നന്ദഗോപൻ, ക്ലാർക്ക്, ദേവസ്വം ബോർഡ് ആഫീസ് (ദേവസ്വം ബോർഡ് സെക്രട്ടറി മുഖാന്തിരം)
6. ശ്രീമതി.വീണ.വി.നായർ, ക്ലാർക്ക്, ദേവസ്വം കമ്മീഷണർ ആഫീസ്
7. ശ്രീ.വിപിൻകുമാർ, ഫസ്റ്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ(Against Vacancy),ചിറക്കടവ് ദേവസ്വം, കൊട്ടാരക്കര ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
8. ശ്രീമതി.ജി.ഷൈനി,ഫസ്റ്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ(Against Vacancy),കാളികാവ് ദേവസ്വം, ഏറ്റുമാനൂർ ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
9. ശ്രീമതി.പി.സുനിതകുമാരി, സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, കൊല്ലൂർവിള സബ്ഗ്രൂപ്പ്, കൊല്ലം ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
10. ശ്രീമതി.രമാദേവി.എൻ, ആഡിറ്റർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ (ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ മുഖാന്തിരം)
11. ശ്രീമതി.റ്റി.ആർ രഞ്ചുഷ, ആഡിറ്റർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ (ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ മുഖാന്തിരം)
12. ശ്രീ.വിഷ്ണു പ്രകാശ്, ആഡിറ്റർ, ദേവസ്വം അക്കൗണ്ട്സ് ആഫീസ് (ദേവസ്വം അക്കൗണ്ട്സ് ആഫീസർ മുഖാന്തിരം)
13. ശ്രീമതി.അജിത.ജി, ക്ലാർക്ക്, ദേവസ്വം കമ്മീഷണർ ആഫീസ്
14. ശ്രീ.വിവേക് പോറ്റി, സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, തിരുപുറം ദേവസ്വം, നെയ്യാറ്റിൻകര ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
15. ശ്രീ.വിജേഷ്.വി.കുമാർ, സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, ചക്കുവള്ളി ദേവസ്വം, കരുനാഗപ്പള്ളി ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
16. ശ്രീ.പ്രമോദ് ലാൽ,ഫസ്റ്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ(Against Vacancy),താമരക്കുടി സബ്ഗ്രൂപ്പ്, കൊട്ടാരക്കര ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
17. ശ്രീമതി.വി.കെ.രാജി, സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, സചിവോത്തമപുരം സബ്ഗ്രൂപ്പ്, ചങ്ങനാശ്ശേരി ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
18. ശ്രീ.വൈശാഖ്.കെ.വി, സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ, തിരുപുറം സബ്ഗ്രൂപ്പ്, വൈക്കം ഗ്രൂപ്പ് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)

...4

19. ശ്രീമതി.റ്റി.ആർ.രാജലക്ഷ്മി, പ്യൂൺ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, വൈക്കം (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
20. ശ്രീ.അംബരീഷ് ഹരിദാസ്, പ്യൂൺ, അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ്, വൈക്കം (വൈക്കം അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം)
21. ശ്രീ.റ്റി.കൃഷ്ണ വാര്യർ, പ്യൂൺ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, ഹരിപ്പാട് (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
22. ശ്രീമതി.ദീപാകുമാരി.വി, പ്യൂൺ, വിജിലൻസ് ആഫീസ്, മാവേലിക്കര (വിജിലൻസ് ആഫീസർ മാവേലിക്കര മുഖാന്തിരം)
23. ശ്രീമതി.സന്ധ്യ.കെ.ആർ, പ്യൂൺ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, ആറന്മുള (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
24. എസ്റ്റ-ബി, സി, ബഡ്ജറ്റ് സെക്ഷൻ - ദേവസ്വം കമ്മീഷണർ ആഫീസ്
25. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
26. സെക്ഷൻ ഫയൽ
27. ഫെയർ ഓഫീസ് കോപ്പി

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.03/11